നമ്പർ:സി.ബി.(1) 26259/2006 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,

കേരള, തിരുവനന്തപുരം, തീയതി: 03-07-2006

സർക്കുലർ നമ്പർ: 28/2006

വിഷയം: സഹകരണ വകുപ്പ്-സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സഹകരണ ബാങ്കുകൾ/സംഘങ്ങൾ എന്നിഒക്ത നൽകിവരുന്ന കാർഷിക വായ്പകളുടെ പലിശ നിരക്കുകൾ പുതുക്കി നിശ്ചയിച്ച് നിർദേശം പുറപ്പെടുവിയ്ക്കുന്നത്-സംബന്ധിച്ച്

സൂചന: 1. ഈ ആഫീസിലെ 18-11-2003ലെ 63/03-ാം നമ്പർ സർക്കുലർ

2. നബാർഡിന്റെ 1-6-06ലെ എൻ.ബി.പി.സി.ഡി (ഒ.പി.ആർ)/377/എ-1 ജി.ഇ.എൻ (ആർ.പി)/06-07-ാം നമ്പർ കത്ത്.

3. 19-6-06ൽ തിരുവനന്തപുരത്ത് ചേർന്ന സഹകാരികളുടെ യോഗം.

2006-2007 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ ബഹു: ധനകാര്യവകുപ്പു മന്ത്രി രാജ്യത്തെ കർഷകർക്ക് ഹ്രസ്വകാല കാർഷിക വായ്പകൾ 7% നിരക്കിൽ ലഭ്യമാക്കുമെന്നുള്ള കേന്ദ്ര ഗവണ്മെന്റ് തീരുമാനം പ്രഖ്യാപിക്കുകയും അതിനനുസൃതമായി 'നബാർഡ്' 2006-2007 വർഷത്തിൽ പുനർ വായ്പ പദ്ധതി പ്രകാരം ഹ്രസ്വകാല കാർഷിക വായ്പകൾ 2.5% വാർഷിക പലിശ നിരക്കിൽ സംസ്ഥാന സഹകരണ ബാങ്കിന് ലഭ്യമാക്കുമെന്ന് സൂചന (2) പ്രകാരം അറിയിച്ചിട്ടുണ്ട്. ഈ സഹചര്യത്തിൽ ഹ്രസ്വകാല കാർഷിക വായ്പ പലിശ നിരക്കുകൾ ഓരോ ബാങ്കും ഈടാക്കേണ്ടത് താഴെ പറയും പ്രകാരം പുനർനിർണയം ചെയ്തിരിക്കുന്നു.

| ക്രമ നമ്പർ | വായ്പ തുക | സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ ബാങ്കുകളിൽ നിന്നും | ജില്ലാ സഹകരണ ബാങ്ക് പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അംഗങ്ങളിൽ നിന്നും |
|---|---|---|---|---|
| 1 | 1 ലക്ഷം രൂപ വരെ | 2.75% | 3.25% | 5.5% |
| 2 | 1 ലക്ഷം -3 ലക്ഷം രൂപ വരെ | 2.75% | 3.25% | 6% |

പുതിയ പലിശ നിരക്ക് ഈ സർക്കുലർ തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്

വി. രഘുനാഥ്

സഹകരണസംഘം രജിസ്ട്രാർ (ഇൻചാർജ്)

പകർപ്പ്:

1. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
3. ജനറൽ മാനേജർമാർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും
5. എല്ലാ പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
7. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
8. ഡയറക്ടർ, പബ്ളിക് റിലേഷൻസ് വകുപ്പ് (ഉപരിപത്രം സഹിതം)
9. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
10. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
11. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്ക് വേണ്ടി